# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4685 — 22.03.2018-ൽ മറുപടിയ്ക്ക്

**കേരള-തമിഴ് നാട് അതിർത്തിയിലെ വ്യാജ ലോട്ടറി മാഫിയ**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ്മന്ത്രി) | |
|---|---|---|---|
| (എ) | കേരള-തമിഴ് നാട് അതിർത്തി കേന്ദ്രീകരിച്ച് വ്യാജ ലോട്ടറി മാഫിയ നടത്തുന്ന ടിക്കറ്റ് വിൽപനയും സമ്മാന വിതരണവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇത് സംബന്ധിച്ച് പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | സർക്കാർ ലോട്ടറിയുടെ വിൽപന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് വ്യാജ ടിക്കറ്റുകൾ കൂടുതലും വിൽക്കുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചി ട്ടുണ്ടോ; | (ബി) | വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാരാലും, ഇത്തരക്കാരുടെ അംഗീകൃത വിപണന കേന്ദ്രങ്ങളിലൂടെയും വ്യാജ ലോട്ടറി നടത്തിപ്പ് ശ്രദ്ധയിൽപ്പെടുമ്പോൾ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | കേരള സംസ്ഥാന ഭാഗ്യക്കുറിയു മായി താരതമ്യപ്പെടുത്തി അതിവിദ ഗ്ധമായും രഹസ്യവുമായാണ് ഈ വ്യാജ ടിക്കറ്റുകളുടെ വിൽപനയും സമ്മാനദാനവും നടത്തുന്നത് എന്ന കാര്യം പരിശോധിക്കുമോ; | (സി) & (ഡി) | വ്യാജ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികളും, വിവരങ്ങളും ലഭ്യമാകുമ്പോൾ റെയ്ഡ് ഉൾപ്പെടെയുള്ള നിയമ നടപടികൾ എടുത്തുവരുന്നുണ്ട്. ഇത്തരം അനഭിലഷണീയ പ്രവണതകൾ നിയന്ത്രിക്കുന്നതിലേക്കായി വകുപ്പിന്റെ ഭാഗത്തു നിന്നും നടപടികൾ ഇതിനകം തന്നെ ഉണ്ടായിട്ടുണ്ട്. മേൽ നടപടികൾ ഭാവിയിലും തുടരുന്നതാണ്. സമാന്തര ലോട്ടറി നടത്തിപ്പ് പോലുള്ള നിയമ വിധേയമല്ലാത്ത പ്രവണതകൾ നിയന്ത്രിക്കുന്നതിലേക്കായി വിവിധ മാധ്യമങ്ങൾ മുഖേനയും വ്യക്തികൾ വഴിയും വകുപ്പിൽ ലഭ്യമാകുന്ന ഇത്തരത്തിലുള്ള പരാതികൾ ക്രോഡീകരിച്ച് വിശദാംശങ്ങൾ സഹിതം തുടർ അന്വേഷണത്തിനും, മേൽ നടപടികൾക്കും വേണ്ടി ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പോലീസ് എൻഫോഴ്സ്മെന്റ് അതോറിറ്റിക്ക് കൈമാറി സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എഴുത്ത് ലോട്ടറിക്കെതിരെ 29.01.2018-ന് സംസ്ഥാന വ്യാപകമായി പോലീസ് നടത്തിയ റെയ്ഡിൽ 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 57 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമാന്തര ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന വ്യാപകമായി 216 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശനമായ നടപടി തുടർന്നും സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ ഇത്തരം വ്യാജ വിൽപന കേന്ദ്രങ്ങൾ റെയ്ഡ് ചെയ്ത് വ്യാജ ടിക്കറ്റുകൾ കണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുമോ? | | |

സെക്ഷൻ ഓഫീസർ